**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ്- മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി- ജലസുഭിക്ഷ- സമ്പൂർണ്ണ കിണർ റീചാർജ് പദ്ധതി മാർഗ്ഗരേഖ അംഗീകരിച്ച് ഉത്തരവാകുന്നു.

================================================================================

**തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്**

സ.ഉ.(കൈ) നം.161/16/തസ്വഭവ      തിരുവനന്തപുരം, തീയതി, 09.11.2016

================================================================================

പരാമർശം: - മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടറുടെ 15-10-2016-ലെ 3245/ഇ.ജി.എസ്.എ/16/ആർ.ഇ.ജി.എസ് നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

സംസ്ഥാനത്തെ ജല സ്രോതസ്സുകൾ ജല സമൃദ്ധമാക്കി സംരക്ഷിച്ച് ജല സുരക്ഷ ഉറപ്പാക്കുന്നതിന്റെ ഭാഗമായി സർക്കാർ ഒരു സമ്പൂർണ്ണ കിണർ റീചാർജ് പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കാൻ തീരുമാനിച്ചിരിക്കുന്നു. സംസ്ഥാനത്തെ കിണറുകൾ കൂടുതൽ ജലസമ്പന്നമാക്കുക, എല്ലാ കിണറുകളും വിവിധ ഘട്ടങ്ങളിലായി സുസ്ഥിര ജലസമൃദ്ധ-ജലശുചിത്വ കിണറുകളാക്കി മാറ്റുക, സംസ്ഥാനത്തെ ഭൂജല സമ്പത്ത് വർദ്ധിപ്പിക്കുക തുടങ്ങിയവയാണ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ. പരാമർശ കത്ത് പ്രകാരം മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി കിണർ റീചാർജിങ് നടപ്പിലാക്കുന്നതിനുള്ള പ്രവർത്തന മാർഗ്ഗരേഖയുടെ കരട് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടർ സമർപ്പിച്ചിരുന്നു. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ അനുബന്ധമായി ചേർത്തിട്ടുള്ള ജലസുഭിക്ഷ- സമ്പൂർണ്ണ കിണർ റീചാർജ് പദ്ധതിയുടെ മാർഗ്ഗരേഖ അംഗീകരിച്ച് ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

**വി.കെ.ബേബി**
**സ്പെഷ്യൽ സെക്രട്ടറി**

To

1. ഗ്രാമവികസന കമ്മീഷണർ
2. മിഷൻ ഡയറക്ടർ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി
3. പഞ്ചായത്ത് ഡയറക്ടർ
4. എല്ലാ ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും (മിഷൻ ഡയറക്ടർ മുഖേന)
5. സെക്രട്ടറി, ജലവിഭവ വകുപ്പ്
6. സെക്രട്ടറി, പരിസ്ഥിതി വകുപ്പ്
7. സെക്രട്ടറി, കൃഷി വകുപ്പ്
8. സെക്രട്ടറി, ആസൂത്രണവും സാമ്പത്തികകാര്യവും വകുപ്പ്
9. സെക്രട്ടറി, ധനകാര്യ വകുപ്പ്
10. സെക്രട്ടറി, നബാർഡ്
11. എം.ഡി, കേരള വാട്ടർ അതോറിറ്റി
12. ഡയറക്ടർ, സോയിൽ കൺസർവേഷൻ
13. എല്ലാ ജില്ലാ കളക്ടർമാർക്കും
14. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം
15. അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.
16. കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

# തദ്ദേശ സ്വയംഭരണ വകുപ്പ്

# കേരള സർക്കാർ

## മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

### ജലസുഭിക്ഷ-സമ്പൂർണ്ണ കിണർ റീച്ചാർജ്ജ് പദ്ധതി

സ.ഉ.(കൈ)നം:161/16/തസ്വഭവ തിരുവനന്തപുരം, തീയതി,09.11.2016

## പ്രവർത്തന മാർഗ്ഗരേഖ

## ജലസുരക്ഷ

## സമ്പൂർണ്ണ കിണർ റീചാർജ്ജ് പദ്ധതി

### 1. ആമുഖം

രാജ്യത്ത് ഏറ്റവും കൂടുതൽ മഴ ലഭിക്കുന്ന പ്രദേശങ്ങളിൽ ഒന്നാണ് കേരളം. വർഷത്തിൽ ശരാശരി 3000 മി മീറ്റർ മഴ ലഭിക്കുന്നുണ്ടെങ്കിലും. ഓരോ വർഷം കഴിയുന്തോറും സംസ്ഥാനം കടുത്ത വരൾച്ചയും കുടിവെള്ള ക്ഷാമവും നേരിടുന്നു.

സംസ്ഥാനത്തെ ജലസ്രോതസ്സുകൾ ജലസമൃദ്ധമാക്കി ശുദ്ധിയോടെ സംരക്ഷിച്ചാൽ മാത്രമേ ജലസുരക്ഷയെന്ന ലക്ഷ്യം നേടാനാകുകയുള്ളു. ജലസമൃദ്ധിയും ജലശുദ്ധിയും ജലസുരക്ഷയിലെ പ്രധാന ഘടകങ്ങളാണ്. സംസ്ഥാനത്തു ലഭിക്കുന്ന മഴയെ ജലസുരക്ഷയ്ക്കായി ഇനിയും ഏറെ പ്രയോജനപ്പെടുത്തേണ്ടതുണ്ട്.

ജലസുരക്ഷയുടെ ആദ്യ ഘട്ടം എന്ന നിലയിൽ എല്ലാവർക്കും സുരക്ഷിതമായ കുടിവെള്ളം ഉറപ്പാക്കുവാൻ ലക്ഷ്യമിടുന്നു. മഴവെള്ളത്തിന്റെ സഹായത്താൽ കുടി വെള്ളത്തിനുൾപ്പെടെയുള്ള വിവിധ ജലാവശ്യങ്ങൾക്ക് ഉപയോഗിക്കുവാൻ ജലസമൃദ്ധവും ജലശുദ്ധിയുമുള്ളതാക്കി സംസ്ഥാനത്തെ കിണറുകളെ സജ്ജ മാക്കുവാൻ കഴിയുന്നതാണ്.

സംസ്ഥാനത്തെ പ്രധാന കുടിവെള്ള സ്രോതസ്സുകളായ കിണറുകളെ മഴവെള്ളത്താൽ റീചാർജ്ജുചെയ്യുകയെന്നതാണ് ജലസുരക്ഷ - സമ്പൂർണ്ണ കിണർ റീചാർജ്ജ് പദ്ധതി വിഭാവനം ചെയ്യുന്നത്.

### 2. പശ്ചാത്തലവും ആവശ്യകതയും

സംസ്ഥാനത്തെ 70 ശതമാനത്തോളം ജനസംഖ്യ, പ്രത്യേകിച്ച് ഗ്രാമീണപ്രദേശങ്ങളിൽ കുടിവെള്ളത്തിനുൾപ്പെടെ വിവിധ ജലാവശ്യങ്ങൾക്ക് തുറന്ന കിണറുകളാണ് നിലവിൽ ഉപയോഗിക്കുന്നത്.

ഇവയിൽ നല്ലൊരു ശതമാനം കിണറുകളും സംസ്ഥാനത്തുണ്ടാകുന്ന വരൾച്ചയുടെ വ്യതിയാനമനുസരിച്ച് വേനൽക്കാലങ്ങളിൽ വറ്റിപ്പോകാറുണ്ട്. മാത്രമല്ല ഇരുമ്പ്, ഓര്, തീരദേശങ്ങളിൽ ഉപ്പുരസം, മറ്റ് രാസ ഭൗതിക ഘടകങ്ങൾ എന്നിവയിലുണ്ടാകുന്ന വ്യത്യാസവും ജലത്തിന്റെ ഗുണനിലവാരത്തെ സാരമായി ബാധിക്കുന്നു. കിണറുകളിലെ ജലനിരപ്പ് കുറയുന്നതിനനുസരിച്ച് രാസഘടകങ്ങളിൽ വർദ്ധനവും പാരിസ്ഥിതിക മേഖലകളിലുൾപ്പെടെ വ്യതിയാനവും ഉണ്ടാകുന്നു. ഇതിന്റെ ഭാഗമായി ഭൂരിഭാഗം

പഞ്ചായത്തുകളിലും വേനൽക്കാലത്ത് കുടിവെള്ളം എത്തിക്കുന്നതിന് ഭാരിച്ച ചെലവ് സംസ്ഥാനം വഹിക്കേണ്ടി വരുന്നു.

സംസ്ഥാനത്ത് സി.ഡബ്ള്യു.ആർ.ഡി.എം ന്റെ കണക്കുകൾ പ്രകാരം തന്നെ 45 ലക്ഷത്തിലധികം തുറന്ന കിണറുകളുണ്ട്. ഇവയിൽ നല്ലൊരു ശതമാനം കുടിവെള്ളത്തിനുൾപ്പെടെ ഉപയോഗിക്കുന്നതും വേനൽക്കാലങ്ങളിൽ വറ്റുന്നവയുമാണ്.

സംസ്ഥാനത്ത് ഒരു ഹെക്ടറിൽ ശരാശരി ഒരു വർഷം 1 കോടി ഇരുപതു ലക്ഷം ലിറ്ററും ആയിരം ചതുരശ്ര അടി വിസ്തീർണ്ണമുള്ള ഒരു പുരപ്പുറത്ത് 3000 മി മീറ്ററും വാർഷിക മഴ കണക്കിൽ മൂന്നു ലക്ഷം ലിറ്ററും മഴവെള്ളമാണ് പെയ്തു വീഴുന്നത്. ഇതിന്റെ മൂന്നിലൊന്നുഭാഗം ശേഖരിച്ചാൽ തന്നെ കുടിവെള്ള ക്ഷാമത്തിന് ഒരു പരിഹാരമാകുന്നതാണ്.

ഗ്രാമങ്ങളിലുൾപ്പെടെയുള്ള കെട്ടിടങ്ങളുടെ മേൽക്കൂരകളും പുരപ്പുറങ്ങളും മഴവെള്ള സംഭരണത്തിന് പ്രയോജനപ്പെടുത്താവുന്നതാണ്. നല്ലൊരു ശതമാനം വീടുകളുടേയും മേൽക്കൂര ഓടോ, ഷീറ്റോ, ടെറസ്സോ ആണ്.

### 3. പദ്ധതിയുടെ ലക്ഷ്യങ്ങൾ

- വിവിധ പ്രവർത്തനങ്ങളിലൂടെ നിലവിലെ ജലസ്രോതസ്സുകൾ ജലസമൃദ്ധവും ശുദ്ധവുമായി സംരക്ഷിച്ച് കൂടുതൽ ജലസുരക്ഷ ഉറപ്പാക്കുക.
- കിണറുകൾ പ്രധാനമായും കുടിവെള്ള സ്രോതസ്സുകളായി ഉപയോഗിക്കുന്നതിനാൽ മഴവെള്ളത്തെ പ്രയോജനപ്പെടുത്തി ആദ്യ ഘട്ടത്തിൽ കിണറുകൾ കൂടുതൽ ജലസമ്പന്നമാക്കുക.
- സംസ്ഥാനത്തെ എല്ലാ കിണറുകളും വിവിധ ഘട്ടങ്ങളിലായി സുസ്ഥിര ജലസമൃദ്ധ ജലശുചിത്വ കിണറുകളാക്കി മാറ്റുക
- സംസ്ഥാനത്തെ ജലസമൃദ്ധി, ജലശുദ്ധി, ഭൂജലസമ്പത്ത് എന്നിവയുടെ തോത് വർദ്ധിപ്പിക്കുക.
- കിണറുകളെ ശുചിയായി സംരക്ഷിക്കുവാൻ സാനിട്ടറി കിണർ എന്ന ആശയം നടപ്പിലാക്കുക
- പദ്ധതിയുടെ ആദ്യഘട്ടമായി സംസ്ഥാനത്തെ നിയമസഭാ മണ്ഡലങ്ങളിൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്ന ഓരോ ഗ്രാമപഞ്ചായത്തുകളെ ഉൾപ്പെടുത്തി 142 ഗ്രാമപഞ്ചായത്തുകളിൽ പദ്ധതി നടപ്പിലാക്കുക.

**4. പദ്ധതി നടത്തിപ്പിലെ സമീപനം**

സംസ്ഥാനത്ത് ജലം, പരിസ്ഥിതി, നീർത്തടം തുടങ്ങിയ മേഖലകളിലെ വിവിധ പദ്ധതികളുമായി സംയോജിപ്പിക്കുവാൻ സാധ്യതയുള്ള പരിപാടികളിൽ കിണർ റീചാർജ്ജ് പ്രവർത്തനങ്ങളും ഉൾപ്പെടുത്തേണ്ടതാണ്.

വിവിധ ഘട്ടങ്ങളിലായിട്ടാണ് പദ്ധതി പൂർത്തീകരിക്കുവാൻ ഉദ്ദേശിക്കുന്നത്. ഒന്നാം ഘട്ടത്തിൽ 142 ഗ്രാമപഞ്ചായത്തുകളിലാണ് പ്രവർത്തനങ്ങൾ ആവിഷ്കരിക്കുന്നത്. മാതൃകകളുടെയും അനുഭവങ്ങളുടെയും അടിസ്ഥാനത്തിൽ തുടർ ഘട്ടങ്ങൾ കൂടുതൽ സമഗ്രമാക്കുന്നതാണ്.

സർക്കാർ പദ്ധതികൾക്ക് പുറമെ സ്വന്തമായി കിണർ റീചാർജ്ജ് ചെയ്യുവാൻ ജനങ്ങളെ പ്രേരിപ്പിക്കുകയും ആവശ്യമായ സാങ്കേതിക സഹായം ലഭ്യമാക്കുകയും ചെയ്യുന്നതാണ്. സന്നദ്ധ സംഘടനകൾ, സ്ഥാപനങ്ങൾ, വ്യക്തികൾ, കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസ്ബിലിറ്റി (സി.എസ്.ആർ.), സ്പോൺസറിംഗ് തുടങ്ങിയവയുടെ സാധ്യതകളിലൂടെയും കിണർ റീചാർജ്ജ് പരിപാടി വിപുലമായി നടത്തുവാൻ സാധിക്കുന്നതാണ്.

കിണർ റീചാർജ്ജ് പദ്ധതിയുടെ പ്രാധാന്യവും ആവശ്യകതയും പ്രചരിപ്പിക്കുന്നതോടൊപ്പം ആവശ്യമായ മേസ്തിരിമാർ, സാങ്കേതിക വിദഗ്ധർ എന്നിവരെ പരിശീലിപ്പിച്ച് ജനങ്ങളിൽ കൂടുതൽ അവബോധവും താൽപര്യവും സൃഷ്ടിക്കുന്നതാണ്.

**5. കിണർറീചാർജ്ജ് തൊഴിലുറപ്പ് പദ്ധതിയിൽ**

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ വാർഷിക കർമ്മ പദ്ധതിയിൽ കിണർ റീചാർജ്ജ് പ്രവൃത്തികൾ ഉൾപ്പെടുത്തേണ്ടതാണ്. റീചാർജ്ജ് ആവശ്യമുള്ള കിണറുകൾ ഒരു സമഗ്രമായ സർവ്വേയിലൂടെ കണ്ടെത്തേതാണ്. പദ്ധതിയുടെ ഗുണഭോക്താക്കൾ തൊഴിലുറപ്പ് പദ്ധതിയിൽ തൊഴിൽ കാർഡ് എടുത്തിട്ടുള്ളവരാകേണ്ടതും അവർ അവരുടെ പുരയിടത്തിൽ നടക്കുന്ന റീചാർജ്ജ് പ്രവൃത്തിയിൽ ഒരു തൊഴിലാളിയായി പങ്കെടുക്കേണ്ടതുമാണ്. പദ്ധതിയിൻ കീഴിൽ മുൻ സാമ്പത്തിക വർഷത്തിൽ കുറഞ്ഞത് 15 ദിവസമെങ്കിലും തൊഴിൽ ചെയ്തിട്ടുള്ള കുടുംബങ്ങളിൽ നിന്നും തൊഴിലാളികളെ തെരഞ്ഞെടുത്ത് പരിശീലിപ്പിച്ച് അവർക്ക് കൃത്യമായി പ്രവർത്തന മേഖലകൾ തിരിച്ച് കൊടുത്ത് റീചാർജ്ജിംഗിന് ആവശ്യമായ വിദഗ്ദ്ധ തൊഴിൽ ചെയ്യിക്കേണ്ടതാണ്. റീചാർജ്ജിംഗിന് ആവശ്യമായ മൺപണിയും മറ്റ് അവിദഗ്ദ്ധ തൊഴിലുകളും അവിദഗ്ദ്ധ തൊഴിലാളികളെ കൊണ്ട്

ഏറ്റെടുപ്പിക്കേണ്ടതാണ്. എല്ലാ പ്രവൃത്തികളിലും അവിദഗ്ദ്ധ തൊഴിൽ ഘടകം ഉൾപ്പെടുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. സാധനസാമഗ്രികൾ പദ്ധതിയുടെ നിലവിലുള്ള പ്രൊക്യൂർമെന്റ് സംവിധാനം വഴി വാങ്ങേണ്ടതാണ്. സാധനസാമഗ്രികൾക്ക് ഐ.എസ്.ഐ സർട്ടിഫിക്കേഷൻ ഉറപ്പ് വരുത്തേണ്ടതാണ്. സർവ്വേയിലൂടെ റീചാർജ്ജിന് ആവശ്യമായ സാധനസാമഗ്രികളുടെ അളവ് കൃത്യമായി നിർണ്ണയിക്കേണ്ടതും പ്രൊക്യൂർമെന്റ് മാന്വലിൽ പരാമർശിച്ചിട്ടുള്ളതനുസരിച്ച് ടെണ്ടർ നടപടികളിലൂടെ അവ വാങ്ങേണ്ടതും ഗ്രാമപഞ്ചായത്തിന്റെ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത ശേഷം അതാത് തൊഴിലിടങ്ങളിൽ എത്തിക്കേണ്ടതുമാണ്. ഇതിന്റെ ഉത്തരവാദിത്വം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയിൽ നിക്ഷിപ്തമായിരിക്കും. സാധനസാമഗ്രികൾ ശേഖരിക്കുന്ന ഇടങ്ങളിൽ നിന്നും തൊഴിലിടങ്ങളിൽ എത്തിക്കുവാനുള്ള വാഹനക്കൂലി വിദഗ്ദ്ധ- അർദ്ധവിദഗ്ദ്ധ തൊഴിലാളികളുടെ വേതനം എന്നിവ പദ്ധതിയുടെ സാധനഘടകത്തിൽ നിന്നും കൊടുക്കേണ്ടതാണ്. റീചാർജ്ജ് പിറ്റുകളിൽ ഉപയോഗിക്കേണ്ട മണൽ, കരി മുതലായ അസംസ്കൃത വസ്തുക്കൾ ഗുണഭോക്താക്കൾ സ്വയം ശേഖരിച്ച് നൽകേണ്ടതാണ്. ഈ പദ്ധതിയിൽ നിർമ്മിക്കുന്ന റീചാർജ്ജ് സംവിധാനത്തിനായി തൊഴിലുറപ്പ് പദ്ധതി ഫണ്ടിൽ നിന്നും ചിലവഴിക്കുന്ന തുക 8000 രൂപയിൽ അധികമാകാൻ പാടില്ലാത്തതാണ്. 8000 രൂപയിൽ അധികം തുക വേണ്ടി വരുന്ന പക്ഷം അധികരിച്ച് വരുന്ന തുക ഗുണഭോക്തൃ വിഹിതമായി കണ്ടെത്തേണ്ടതാണ്. നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് ഗുണഭോക്താക്കൾക്ക് കൈമാറുമ്പോൾ തുടർ പരിപാലനം ഗുണഭോക്താക്കൾ തന്നെ നിർവ്വഹിക്കേണ്ട വസ്തുത ഗുണഭോക്താവിനെ കയിക്കേണ്ടതും അതോടൊപ്പം അവരിൽ നിന്നും അനുബന്ധം.5 ആയി ചേർത്തിട്ടുള്ള മാതൃകയിൽ സമ്മതപത്രം ഒപ്പിട്ട് വാങ്ങി സൂക്ഷിക്കേണ്ടതുമാണ്. ഓരോ ജില്ലയിലെയും കിണർ റീചാർജ്ജ് പ്രവർത്തനങ്ങൾ ജോയിന്റ് പ്രോഗ്രാം കോർഡിനേറ്റർമാർ, പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർമാർ എന്നിവരുടെ നേരിട്ടുള്ള മേൽനോട്ടത്തിലും നിയന്ത്രണത്തിലും നടപ്പാക്കേണ്ടതാണ്. പ്രവൃത്തികളുടെ ഭരണാനുമതി സാങ്കേതികാനുമതി എന്നിവയുടെ കാര്യത്തിൽ നിലവിലുള്ള നടപടിക്രമങ്ങൾ തുടരാവുന്നതാണ്.

**6. കിണർ റീചാർജ്ജ് പരിപാടികൾ വിവിധ പദ്ധതികളുമായി സംയോജിപ്പിക്കൽ**

സംയോജിത നീർത്തട പരിപാലന പരിപാടി, ജലനിധി, മറ്റ് നീർത്തട പദ്ധതികൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രോജക്റ്റുകൾ എന്നിവയുമായി സംയോജിപ്പിച്ചും കിണർ റീചാർജ്ജ് പദ്ധതികൾ ഏറ്റെടുക്കാവുന്നതാണ്.

## 7. കിണർ റീചാർജ്ജ് – പ്രധാന പ്രവർത്തനങ്ങൾ

- സംസ്ഥാനത്തെ തുറന്ന കിണറുകൾ ഘട്ടം ഘട്ടമായി റീചാർജ്ജു ചെയ്യുക
- നിർദ്ദിഷ്ട ഫോറങ്ങളിൽ കിണർ സർവ്വേ സംഘടിപ്പിക്കുക (അനുബന്ധത്തിൽ ഫോറം ചേർത്തിട്ടുണ്ട്.)
- റീചാർജ്ജ് ചെയ്യേണ്ട കിണറുകളുടെ എണ്ണം താഴെപ്പറയുന്ന ഘടകങ്ങൾ കൂടി പരിഗണിച്ച് മുൻഗണനയിൽ തയ്യാറാക്കുക
    - വേനൽക്കാലങ്ങളിൽ സ്ഥിരമായി വറ്റുന്ന കിണറുകൾ
    - ഉപ്പുരസം, ഓര്, ഇരുമ്പ്, ഫ്ളൂറൈഡ് തുടങ്ങിയവയുടെ ആധിക്യമുള്ള കിണറുകൾ
    - ടാങ്കർ വെള്ളം നൽകുന്നതും വേനൽക്കാലങ്ങളിൽ മറ്റ് ജലസ്രോതസ്സുകളെ സ്ഥിരമായി ആശ്രയിക്കുന്നതുമായ സ്ഥലങ്ങൾ.
- വാർഡ് തല ഗ്രാമസഭയിൽ കിണർ റീചാർജ്ജ് പദ്ധതി വിശദീകരിക്കുക. പ്രത്യേകം ജലഗ്രാമസഭകൾ നടത്തുക
- കിണർ റീചാർജ്ജ് പദ്ധതിക്കാവശ്യമായ ഗുണഭോക്താക്കളെ മാനദണ്ഡമനുസരിച്ച് തിരഞ്ഞെടുക്കുക
- വാർഡ്, പഞ്ചായത്ത് തല ലിസ്റ്റ് തയ്യാറാക്കുക
- തൊഴിലുറപ്പു പദ്ധതിയിൽ ഉൾപ്പെടുത്തി റീചാർജ്ജ് ചെയ്യുവാൻ കഴിയുന്ന കിണറുകളുടെ എണ്ണം നിശ്ചയിക്കുക
- മറ്റ് പദ്ധതികൾ, സ്പോൺസറിംഗ് എന്നിവയിലുൾപ്പെടുത്തി റീചാർജ്ജ് ചെയ്യുന്ന കിണറുകളുടെ എണ്ണം നിജപ്പെടുത്തുക.
- വിവിധ പരിശീലനങ്ങൾ സംഘടിപ്പിക്കുക (ജനപ്രതിനിധികൾ, ഫാക്കൽറ്റി, എൻജിനീയർമാർ, സർവ്വേ ടീം അംഗങ്ങൾ, മേസൺമാർ)
- വിവിധതല പ്രചരണ അവബോധ പരിപാടികൾ സംഘടിപ്പിക്കുക
- മുൻഗണനാക്രമത്തിൽ കിണറുകൾ റീചാർജ്ജ് ചെയ്യുക
- പദ്ധതിയുടെ ഓരോ ഘട്ടത്തിലെയും പ്രവർത്തനങ്ങൾ രേഖകളിലാക്കുക (ഡോക്യുമെന്റേഷൻ)
- പദ്ധതി മോണിറ്ററിംഗ് വിവിധ തലങ്ങളിൽ ഉറപ്പാക്കുക
- തുടർപരിപാലനവും പുരോഗതിയും പ്രയോജനവും വിലയിരുത്തുക
- വാർഡുതലത്തിൽ കിണർ സർവ്വേ, ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കൽ, റീചാർജ്ജ് എന്നിവ നടപ്പിലാക്കുക

- പഞ്ചായത്തു തലത്തിൽ ഗുണഭോക്തൃലിസ്റ്റ്, വിവിധ പദ്ധതികളിൽ റീചാർജ്ജ് ചെയ്യേണ്ട സാധ്യതലിസ്റ്റ് എന്നിവ തയ്യാറാക്കി ഗ്രാമപഞ്ചായത്ത് അംഗീകാരം വാങ്ങുക
- കിണർ റീചാർജ്ജ് സ്വന്തം ചെലവിൽ ചെയ്യാൻ തയ്യാറുള്ള വ്യക്തികൾക്ക് ആവശ്യമായ സാങ്കേതിക സഹായം പദ്ധതിയുടെ സാങ്കേതിക വിഭാഗം നൽകാവുന്നതാണ്.

**8. സംഘടനാ സംവിധാനം**

<u>**വാർഡ്തലം:**</u> ചെയർമാൻ: വാർഡ് മെമ്പർ

കൺവീനർ: എ.ഡി.എസ് പ്രസിഡന്റ്

അംഗങ്ങൾ: എ.ഡി.എസ് സെക്രട്ടറി, എ.ഡി.എസ് അംഗങ്ങൾ,
അംഗൻവാടി വർക്കർമാർ, മഹിളാപ്രധാൻ ഏജന്റുമാർ,
ആശാവർക്കർമാർ, മേറ്റുമാർ

<u>**ഗ്രാമപഞ്ചായത്ത് തലം**</u>

ചെയർമാൻ - പ്രസിഡന്റ്,
വൈസ് ചെയർമാൻ - ചെയർമാൻ, ആരോഗ്യവിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി

കൺവീനർ - ഗ്രാമപഞ്ചായത്ത്സെക്രട്ടറി,
ജോയിന്റ് കൺവീനർ - ഗ്രാമപഞ്ചായത്ത് അസി:സെക്രട്ടറി

കോ-ഓർഡിനേറ്റർ : വി.ഇ.ഒ

അംഗങ്ങൾ: അഗ്രികൾച്ചർ ഓഫീസർ, എ.ഇ എൽ .എസ്.ജി.ഡി, എ.ഇ/ ഓവർസീയർ,
മഹാത്മാഗാന്ധി എൻ.ആർ.ഇ.ജി.എസ്, സി.ഡി.എസ് അംഗങ്ങൾ,
എൻ.ആർ.എച്ച്.എം കോർഡിനേറ്റർ, ഐ.സി.ഡി.എസ് സൂപ്പർവൈസർ,
സാക്ഷരതാ പ്രേരക്, എസ്.സി. പ്രൊമോട്ടർ, എസ്.റ്റി പ്രൊമോട്ടർമാർ

<u>**ബ്ലോക്ക് പഞ്ചായത്ത് തലം**</u>

ചെയർമാൻ - പ്രസിഡന്റ്
കൺവീനർ - ബ്ലോക്ക് ഡവലപ്പ്മെന്റ് ഓഫീസർ/ബി.പി.ഒ
കോ-ഓർഡിനേറ്റർ : ജോയിന്റ് ബി.ഡി.ഒ (ഇ.ജി.എസ്)
അംഗങ്ങൾ: ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങൾ, അസി:എക്സി: എഞ്ചിനീയർ,
എ.ഡി.എ, ബ്ലോക്ക്പരിധിയിലുള്ള എഞ്ചനീയറിംഗ്
കോളേജ്/ഐ.റ്റി.ഐ/പോളിടെക്നിക്ക് പ്രിൻസിപ്പൽമാർ, സി.ഡി.പി.ഒ,

ബി.പി.ഒ (ബി.ആർ.സി), എ.ഇ.ഒമാർ, എസ്.സി.ഡി.ഒ, ഹെൽത്ത് സൂപ്പർവൈസർ (സി.എച്ച്.സി)

**<u>ജില്ലാതല ഏകോപന സമിതി</u>**

ചെയർമാൻ - ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്
വൈസ് ചെയർമാൻ- ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ്
കൺവീനർ - ജില്ലാകളക്ടർ
ജോയിന്റ് കൺവീനർ - ജോയിന്റ് പ്രോഗ്രാം കോർഡിനേറ്റർ (മഹാത്മാഗാന്ധി എൻ.ആർ.ഇ.ജി.എസ്)

അംഗങ്ങൾ: പ്രോജക്ട് ഡയറക്ടർ, പി.എ.യു, പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർ, ഡപ്യൂട്ടി കളക്ടർ (ഡി.എം), അസി: ഡവലപ്പ്മെന്റ് കമ്മീഷണർ (ജനറൽ), ജില്ലാ സോയിൽ കൺസർവേഷൻ ഓഫീസർ, ജില്ലാ പട്ടികജാതി വികസന ഓഫീസർ, ജില്ലാ പട്ടിക വർഗ്ഗ വികസന ഓഫീസർ

**<u>ജില്ലാതല നിർവ്വഹണ സമിതി</u>**

ചെയർമാൻ - ജില്ലാകളക്ടർ

കൺവീനർ - ജോയിന്റ് പ്രോഗ്രാം കോർഡിനേറ്റർ (മഹാത്മാഗാന്ധി എൻ.ആർ.ഇ.ജി.എസ്)
ജോയിന്റ് കൺവീനർ - പ്രോജക്ട് ഡയറക്ടർ, പി.എ.യു

അംഗങ്ങൾ: പ്രോജക്ട് ഡയറക്ടർ, പി.എ.യു, പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർ, പ്രിൻസിപ്പൽ അഗ്രികൾച്ചർ ഓഫീസർ, ഡപ്യൂട്ടി ഡയറക്ടർ ഓഫ് എഡ്യൂക്കേഷൻ, അസി: ഡവലപ്പ്മെന്റ് കമ്മീഷണർ (ജനറൽ), ഡി.എം.ഒ (ഹെൽത്ത് )ജില്ലാ സോയിൽ കൺസർവേഷൻ ഓഫീസർ, ജില്ലാ പട്ടികജാതി വികസന ഓഫീസർ, ജില്ലാ പട്ടിക വർഗ്ഗ വികസന ഓഫീസർ, ജില്ലാ ഓഫീസർ (ഭൂഗർഭ ജല വകുപ്പ്), ജില്ലാ മിഷൻ കോർഡിനേറ്റർ (കുടുംബശ്രീ), ജലസംരക്ഷണ രംഗത്ത് പ്രവർത്തിച്ച് വരുന്ന സർക്കാർ ഇതര സംഘടനകളുടെ പ്രതിനിധികൾ(3), ശാസ്ത്ര സ്ഥാപനങ്ങളുടെ പ്രതിനിധികൾ (3),

**<u>സംസ്ഥാനതലം</u>** - ഏകോപനം
ചെയർമാൻ - തദ്ദേക സ്വയംഭരണ വകുപ്പ്മന്ത്രി
വൈസ് ചെയർമാൻ - പ്രിൻസിപ്പൽ സെക്രട്ടറി, തസ്വഭവ
കൺവീനർ - സ്പെഷ്യൽ സെക്രട്ടറി, തസ്വഭവ
അംഗങ്ങൾ: സെക്രട്ടറി (WRD), സെക്രട്ടറി (Environment) സെക്രട്ടറി (Agriculture) സെക്രട്ടറി (Planning), സെക്രട്ടറി (Finance), ഗ്രാമവികസന കമ്മീഷണർ ,മിഷൻ ഡയറക്ടർ (മഹാത്മാഗാന്ധി

| |
|---|
| എൻ.ആർ.ഇ.ജി.എസ്), പഞ്ചായത്ത് ഡയറക്ടർ, നബാർഡ് പ്രതിനിധി, എം.ഡി, (കേരള വാട്ടർ അതോറിറ്റി) ഡയറക്ടർ (സോയിൽ കൺസർവേഷൻ) |
| **<u>സംസ്ഥാനതലം നിർവ്വഹണം</u>**<br>ചെയർമാൻ - പ്രിൻസിപ്പൽ സെക്രട്ടറി, തസ്വഭവ<br>വൈസ് ചെയർമാൻ - കമ്മീഷണർ, ആർ.ഡി<br>കൺവീനർ - സ്പെഷ്യൽ സെക്രട്ടറി, തസ്വഭവ<br>കോ- ഓർഡിനേറ്റർ - മിഷൻ ഡയറക്ടർ, മഹാത്മാഗാന്ധി എൻ.ആർ.ഇ.ജി.എസ്<br>അംഗങ്ങൾ: MD (KWA), ED (ജലനിധി), കമ്മീഷണർ (KSLUB), ഡയറക്ടർ (Agriculture) പഞ്ചായത്ത് ഡയറക്ടർ, ഡയറക്ടർ, നഗര വികസനം, സോയിൽ സർവ്വേ ഡയറക്ടർ, നബാർഡ് പ്രതിനിധി, പ്രോഗ്രാം ഓഫീസർ (പി,എം&ഇ), മഹാത്മാഗാന്ധി എൻ.ആർ.ഇ.ജി.എസ്, ജോയിന്റ് ഡവലപ്പ്മെന്റ് കമ്മീഷണർ (ആർ.ഇ), മഹാത്മാഗാന്ധി എൻ.ആർ.ഇ.ജി.എസ്, പ്രോഗ്രാം ഓഫീസർ (ട്രെയിനിംഗ്), മഹാത്മാഗാന്ധി എൻ.ആർ.ഇ.ജി.എസ്, പ്രോഗ്രാം ഓഫീസർ (ഐ.ഇ.സി), മഹാത്മാഗാന്ധി എൻ.ആർ.ഇ.ജി.എസ്, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, SLNA (IWMP) |

വിവിധ തലങ്ങളിലുള്ള നിർവ്വഹണസമിതികളിൽ ആവശ്യമെങ്കിൽ സാങ്കേതിക വിദഗ്ദ്ധർ, വിദഗ്ദ്ധ സ്ഥാപനങ്ങൾ എന്നിവയുടെ സേവനം ഉപയോഗ പ്പെടുത്താവുന്നതാണ്.

**9. പദ്ധതിയുടെ വിവിധ ഘട്ടങ്ങൾ**

**<u>ഒന്നാംഘട്ടം (2016-17)</u>** ഒന്നാം ഘട്ടമായി 141 ഗ്രാമപഞ്ചായത്തുകളിൽ പദ്ധതി നടപ്പിലാക്കുന്നതാണ്. ഗ്രാമപഞ്ചായത്തുകളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു. ഇതിനുപുറമേ സംസ്ഥാനത്ത് ഗുരുതരമായി കുടിവെള്ളക്ഷാമം അനുഭവിക്കുന്നവയും ജലത്തിന്റെ ഗുണനിലവാരം അപകടകരമാംവിധം മോശമാവുകയും കഴിഞ്ഞ വർഷങ്ങളിൽ ടാങ്കർ ലോറി ഉപയോഗിച്ച് ഏറ്റവും അധികം ജലം എത്തിക്കേണ്ടിവന്നവയുമായ 100 ഗ്രാമപഞ്ചായത്തുകളിൽ കൂടി പദ്ധതി നടപ്പാക്കുന്നതാണ്.

**രണ്ടാംഘട്ടം**

2017-2018, 2018-2019, 2019-2020, 2020-21 എന്നീ വർഷങ്ങളിലായി ഓരോ വർഷവും നിശ്ചിത എണ്ണം മുൻകൂട്ടി നിശ്ചയിച്ച് സംസ്ഥാനത്തെ റീചാർജ്ജ് ചെയ്യേണ്ട എല്ലാ കിണറുകളും റീചാർജ്ജ് ചെയ്യാവുന്നതാണ്.

**പൊതുനിർദ്ദേശങ്ങൾ**

1. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ നിലവിലുള്ള മാനദണ്ഡങ്ങൾ പദ്ധതി നടത്തിപ്പിൽ കൃത്യമായി പാലിക്കേണ്ടതാണ്.
2. പ്രൊക്യൂർമെന്റ് മാനദണ്ഡങ്ങൾ കർശനമായി പാലിക്കേണ്ടതും സുതാര്യതയും ഗുണനിലവാരവും ഉറപ്പ് വരുത്തേണ്ടതുമാണ്.
3. പ്രവൃത്തിയുടെ ഗുണനിലവാരം ഉറപ്പ് വരുത്തേണ്ടതും സർട്ടിഫൈ ചെയ്യേണ്ടതുമാണ്.
4. ഓരോ കിണറുകൾക്കും അനുയോജ്യമായ സാങ്കേതികവിദ്യ തെരഞ്ഞെടുക്കുമ്പോൾ തന്നെ പരമാവധി തൊഴിൽ അവസരം ഉറപ്പ് വരുത്തേണ്ടതുമാണ്
5. കുടുംബശ്രീ/സന്നദ്ധസംഘടനകൾ എന്നിവയുടെ സേവനം ലഭ്യമാക്കി അതത് പഞ്ചായത്തുകളിലും ബ്ലോക്കുകളിലും വൈദഗ്ദ്ധ്യമുള്ള വാട്ടർ ടെക്നീഷ്യൻമാരെ രൂപപ്പെടുത്തി എടുക്കേണ്ടതാണ്. ഇവരെ സമീപ പ്രദേശങ്ങളിൽ ഭാവിയിലെ കുടിവെള്ള/ ശുചിത്വ സേവനങ്ങൾ നൽകാൻ പ്രാപ്തരാക്കേണ്ടതാണ്.

അനുബന്ധം– 1

## സർവ്വേ ഫോറം 1

വാർഡിന്റെ പേരും നമ്പരും :

വീട്ടുനമ്പർ :

ഗൃഹനാഥൻ/നാഥയുടെ പേര് :

മേൽ വിലാസം
(ഫോൺ നമ്പർ ഉൾപ്പെടെ) :

ശരിയായവ (√ ) ചെയ്യുക

| | |
|---|---|
| വിഭാഗം | APL ☐ BPL ☐ |
| | SC ☐ ST ☐ OTHERS (Specify) ☐ |
| വീട്ടുവളപ്പിൽ കിണർ ഉണ്ടോ | ഉണ്ട് ☐ ഇല്ല ☐ |
| ഉമെസ്ഥാവകാശം | സ്വന്തം ☐ പൊതു വാടക ☐ |
| കിണർ വെള്ളത്തിന്റെ ഉപയോഗം: | കുടിവെള്ളം ☐ ഗാർഹികം ☐<br>ജലസേചനം ☐ വ്യവസായം ☐<br>മറ്റുള്ളവ (വ്യക്തമാക്കുക) ☐ |
| കിണറ്റിലെ ജലലഭ്യത | വറ്റുന്നവ ☐ വറ്റാത്തവ ☐ |
| വറ്റുന്നവയാണെങ്കിൽ കാലയളവ്: | വേനൽക്കാലം ☐<br>വർഷം മുഴുവനും ☐ |
| ആൾ മറകെട്ടിയിട്ടുണ്ടോ ? | ഉണ്ട് ☐ ഇല്ല ☐ |
| പ്ലാറ്റ്ഫോം | ഉണ്ട് ☐ ഇല്ല ☐ |
| ജലമലിനീകരണം അനുഭവപ്പെടുന്നുണ്ടോ | ഉണ്ട് ☐ ഇല്ല ☐ |

☐ ☐

| | | |
|---|---|---|
| അനുഭവപ്പെടുന്നുണ്ടെങ്കിൽ ജലത്തിലുണ്ടാകുന്ന വ്യത്യാസം | | നിറം ☐ രുചി ☐ ഗന്ധം ☐ |
| മലിനീകരണത്തിനുള്ള കാരണങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ | | ഉണ്ട് ഇല്ല |
| ജലഗുണനിലവാരം പരിശോധിച്ചിട്ടുണ്ടോ | | ഉണ്ട് ☐ ഇല്ല ☐ |
| ശ്രദ്ധയിൽപ്പെട്ടിട്ടുള്ള മലിനീകരണ ഘടകങ്ങൾ | | കോളിഫോം ബാക്ടീരിയ ☐<br>ഓര് ☐<br>ക്ലോറൈഡിന്റെ അളവ് കൂടുതൽ ☐<br>ഫ്ളൂറൈഡിന്റെ അളവ് കൂടുതൽ ☐<br>pH അളവിലെ വ്യത്യാസം ☐<br>ഇരുമ്പിൻെറ അളവ് കൂടുതൽ ☐<br>മറ്റുള്ളവ (വ്യക്തമാക്കുക) ☐ |
| റീചാർജ്ജിംഗ്/ ഫിൽറ്ററിംങ് സംവിധാനം ഏർപ്പെടുത്താൻ താല്പര്യമുണ്ടോ | | ഉണ്ട് ☐ ഇല്ല ☐ |
| പുരയിടത്തിന്റെ സർവ്വേ നമ്പരും അളവും | | |
| മേൽക്കൂരയുടെ തരം | | ഓല ☐ ഓട് ☐ ഷീറ്റ് ☐ കോൺക്രീറ്റ് ☐ |
| മേൽക്കൂരയുടെ വിസ്തീർണ്ണം (ചതുരശ്ര മീറ്ററിൽ) | | ചതുരശ്ര മീറ്ററിൽ |
| അക്ഷാംശം, രേഖാംശം | | |

ഗൃഹനാഥന്റെ/നാഥയുടെ പേരും ഒപ്പും

സർവ്വേ നടത്തിയ ആളുടെപേരും ഒപ്പും

സർവ്വേ ചെയ്ത തീയതി:

അനുബന്ധം-2

ഫോറം-2

വാർഡുതല വിവരങ്ങൾ

ജില്ല . ബ്ലോക്ക് .. ഗ്രാമപഞ്ചായത്ത്

വാർഡ്നമ്പർ വാർഡിന്റെ പേര്

| | | |
|---|---|---|
| | ആകെ കിണറുകൾ | വറ്റുന്നവ |
| | പദ്ധതി | റീചാർജ്ജ് ചെയ്യുന്ന കിണറുകളുടെ എണ്ണം |
| 1 | തൊഴിലുറപ്പ് പദ്ധതി | |
| 2 | സംയോജിത നീർത്തട പരിപാലന പരിപാടി | |
| 3 | ജലനിധി | |
| 4 | പശ്ചിമഘട്ടവികസന പരിപാടി | |
| 5 | നബാർഡ് നീർത്തട വികസന പരിപാടി | |
| 6 | വരൾച്ച പ്രതിരോധ പരിപാടി | |
| 7 | പഞ്ചായത്ത് പ്ലാൻ | |
| 8 | സ്പോൺസർ ഷിപ്പ് | |
| 9 | സി.എസ്.ആർ | |
| 10 | മറ്റു പരിപാടികൾ | |

അനുബന്ധം-3

ഫോറം-3

പഞ്ചായത്ത് തല ക്രോഡീകരണം

ജില്ല . ബ്ലോക്ക് .. ഗ്രാമപഞ്ചായത്ത്

ആകെ വാർഡുകൾ -

ആകെ കിണറുകൾ - [ ] വറ്റുന്നവ [ ]

| പദ്ധതികൾ | | റീചാർജ്ജ് ചെയ്യുന്ന കിണറുകളുടെ എണ്ണം |
|---|---|---|
| 1 | തൊഴിലുറപ്പ് | |
| 2 | സംയോജിത നീർത്തട പരിപാലന പരിപാടി | |
| 3 | ജലനിധി | |
| 4 | പശ്ചിമഘട്ടവികസന പരിപാടി | |
| 5 | നബാർഡ് നീർത്തട വികസന പരിപാടി | |
| 6 | വരൾച്ച പ്രതിരോധ പരിപാടി | |
| 7 | പഞ്ചായത്ത് പ്ലാൻ | |
| 8 | സ്പോൺസർഷിപ്പ് | |
| 9 | സി.എസ്.ആർ | |
| 10 | മറ്റു പരിപാടികൾ | |

അനുബന്ധം-4

## ഫോറം -4

## പഞ്ചായത്തിനെ സംബന്ധിച്ച അടിസ്ഥാന വിവരങ്ങൾ

| ജില്ല | നിയമസഭാ നിയോജക മണ്ഡലം | ബ്ലോക്ക് പഞ്ചായത്ത് | ഗ്രാമപഞ്ചായത്ത് | വാർഡു കളുടെ എണ്ണം | ടോപ്പോ ഗ്രാഫി | | | വിസ്തീർണ്ണം (ച.കി.മീ) |
|---|---|---|---|---|---|---|---|---|
| | | | | | മലനാട് | ഇടനാട് | തീരപ്രദേശം | |
| | | | | | | | | |
| | | | | | | | | |
| | | | | | | | | |
| | | | | | | | | |

അനുബന്ധം-5

## സമ്മതപത്രം

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി എന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്തു നിർമ്മിച്ചിരിക്കുന്ന റീചാർജ്ജിംഗ് സംവിധാനത്തിന്റെ ഭാവിപരിപാലനം ഞാൻ സ്വയം ചെയ്തുകൊള്ളാമെന്ന് ഇതിനാൽ സമ്മതിച്ചിരിക്കുന്നു.

**ഗുണഭോക്താവിന്റെ പേരും ഒപ്പും**

അനുബന്ധം-6

ഒന്നാം ഘട്ടത്തിൽ തെരഞ്ഞെടുത്തിട്ടുള്ള ഗ്രാമപഞ്ചായത്തുകളുടെ വിവരം

| ക്രമനം | ജില്ല | ഗ്രാമപഞ്ചായത്ത് |
|---|---|---|
| 1 | തിരുവനന്തപുരം | അമ്പൂരി |
| 2 | | കുളത്തൂർ |
| 3 | | കാട്ടാക്കട |
| 4 | | പൂവച്ചൽ |
| 5 | | ബാലരാമപുരം |
| 6 | | പള്ളിച്ചൽ |
| 7 | | കോട്ടുകാൽ |
| 8 | | പോത്തൻകോട് |
| 9 | | അണ്ടൂർകോണം |
| 10 | | കരകുളം |
| 11 | | നന്ദിയോട് |
| 12 | | കിളിമാനൂർ |
| 13 | | ചിറയിൻകീഴ് |
| 14 | | ഇലകമൺ |
| 15 | കൊല്ലം | കുലശേഖരപുരം |
| 16 | | പൻമന |
| 17 | | പോരുവഴി |
| 18 | | നെടുവത്തൂർ |
| 19 | | മേലില |
| 20 | | തെൻമല |
| 21 | | ഇട്ടിവ |
| 22 | | ഇളംമ്പള്ളൂർ |
| 23 | | പനയം |
| 24 | | മയ്യനാട് |
| 25 | | ചിറക്കര |
| 26 | പത്തനംതിട്ട | മല്ലപ്പുഴശ്ശേരി |
| 27 | | വള്ളിക്കോട് |
| 28 | | കല്ലൂപ്പാറ |
| 29 | | തുമ്പമൺ |
| 30 | | വെച്ചൂച്ചിറ |
| 31 | ആലപ്പുഴ | തുറവൂർ |
| 32 | | തണ്ണീർമുക്കം |
| 33 | | മാരാരിക്കുളം സൗത്ത് |
| 34 | | അമ്പലപ്പുഴ നോർത്ത് |
| 35 | | തൃക്കുന്നപ്പുഴ |
| 36 | | കൃഷ്ണപുരം |
| 37 | | തഴക്കര |
| 38 | | മുളക്കുഴ |
| 39 | | ഇടത്വ |

| | | |
|---|---|---|
| 40 | കോട്ടയം | വാഴൂർ |
| 41 | | പൂഞ്ഞാർ |
| 42 | | മറവൻതുരുത്ത് |
| 43 | | കുറവിലങ്ങാട് |
| 44 | | കരൂർ |
| 45 | | അശലക്കുന്നം |
| 46 | | വിജയപുരം |
| 47 | | പായിപ്പാട് |
| 48 | | കുമരകം |
| 49 | ഇടുക്കി | കരുണാപുരം |
| 50 | | ഇടുക്കി -കഞ്ഞിക്കുഴി |
| 51 | | വെള്ളത്തൂവൽ |
| 52 | | ചക്കുപള്ളം |
| 53 | | കരിങ്കുന്നം |
| 54 | എറണാകുളം | ആലങ്ങാട് |
| 55 | | കടമ്മക്കുടി |
| 56 | | അശമണ്ണൂർ |
| 57 | | മൂക്കന്നൂർ |
| 58 | | നെല്ലിക്കുഴി |
| 59 | | ഉദയംപേരൂർ |
| 60 | | ആവോലി |
| 61 | | കുമ്പളങ്ങി |
| 62 | | തിരുമാറാടി |
| 63 | | പുത്തൻവേലിക്കര |
| 64 | | വടക്കേക്കര |
| 65 | | തിരുവാണിയൂർ |
| 66 | | കീഴ്മാട് |
| 67 | | നായരമ്പലം |
| 68 | തൃശ്ശൂർ | വരവൂർ |
| 69 | | എരുമപ്പെട്ടി |
| 70 | | തെക്കുംകര |
| 71 | | നടത്തറ |
| 72 | | ചാഴൂർ |
| 73 | | മുരിയാട് |
| 74 | | നെൻമണിക്കര |
| 75 | | കടപ്പുറം |
| 76 | | ഏറിയാട് |
| 77 | | മണലൂർ |
| 78 | | പൊയ്യ |
| 79 | | മേലൂർ |
| 80 | | മുല്ലശ്ശേരി |
| 81 | പാലക്കാട് | തിരുമിറ്റക്കോട് |
| 82 | | തിരുവേഗപ്പുറ |
| 83 | | വെള്ളിനേഴി |

| | | |
|---|---|---|
| 84 | | പൂക്കോട്ടുകാവ് |
| 85 | | കോങ്ങാട് |
| 86 | | അലനല്ലൂർ |
| 87 | | അശമന്നൂർ |
| 88 | | കണ്ണാടി |
| 89 | | വടക്കൻചേരി |
| 90 | | നല്ലേപ്പിള്ളി |
| 91 | | പല്ലശ്ശന |
| 92 | | എരിമയൂർ |
| 93 | മലപ്പുറം | പുളിക്കൽ |
| 94 | | ഊർങ്ങാട്ടിരി |
| 95 | | എടക്കര |
| 96 | | കാളികാവ് |
| 97 | | തൃക്കലങ്ങോട് |
| 98 | | താഴേക്കോട് |
| 99 | | കൂട്ടിലങ്ങാടി |
| 100 | | ആനക്കയം |
| 101 | | കണ്ണമംഗലം |
| 102 | | മൂന്നിയൂർ |
| 103 | | നന്നമ്പ്ര |
| 104 | | നിറമരുതൂർ |
| 105 | | വെട്ടം |
| 106 | | മാറാക്കര |
| 107 | | പുറത്തൂർ |
| 108 | | ആലങ്കോട് |
| 109 | | എടപ്പാൾ |
| 110 | കോഴിക്കോട് | അഴിയൂർ |
| 111 | | വേളം |
| 112 | | വളയം |
| 113 | | മൂടാടി |
| 114 | | ചെറുവണ്ണൂർ |
| 115 | | ബാലുശ്ശേരി |
| 116 | | കാക്കൂർ |
| 117 | | കീഴക്കോത്ത് |
| 118 | | കൊടിയത്തൂർ |
| 119 | | ചാത്തമംഗലം |
| 120 | | കല്ലുണ്ടി |
| 121 | | അത്തോളി |
| 122 | | തുറയൂർ |
| 123 | വയനാട് | മേപ്പാടി |
| 124 | | മുള്ളൻകൊല്ലി |
| 125 | | തവിഞ്ഞാൽ |
| 126 | കണ്ണൂർ | ചൊക്ലി |
| 127 | | ചെറുകുന്ന് |

| | | |
|---|---|---|
| 128 | | ധർമ്മടം |
| 129 | | ചിറ്റാരിപറമ്പ് |
| 130 | | പാട്യം |
| 131 | | പരിയാരം |
| 132 | | എരമം- കുറ്റൂർ |
| 133 | | മുണ്ടേരി |
| 134 | | അഴീക്കോട് |
| 135 | | എരുവേശ്ശി |
| 136 | | കേളകം |
| 137 | കാസറഗോഡ് | പൈവളിഗൈ |
| 138 | | ചെമ്മനാട് |
| 139 | | ദേലംപാടി |
| 140 | | മടിക്കൈ |
| 141 | | തൃക്കരിപ്പൂർ |
| 142 | | കുംപടാജെ |